കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.5)1522/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680 020
ഫോൺ: 0487-2331249
Email: dotsr.ksad@kerala.gov.in
തിയതി: 29.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി.5)1522/2017 തിയ്യതി: 29.11.2017

## തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ

## 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 02.11.2016 മുതൽ 13-09-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.16 മുതൽ 31.03.17 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-09-2017 മുതൽ 28-09-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.തുളസിദാസ്.വി.ജി. (25-09-17 മുതൽ 28-09-17വരെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് (25-09-17 മാത്രം) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.വിദ്യാ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോമോൻ.ഇ.ജെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുനിൽ.പി.ബി. | സീനിയർഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.രതി.എം.ശങ്കർ.<br>01.04.2016 മുതൽ 31.03.17 വരെ | |
| സെക്രട്ടറി | ശ്രീ. എം.ജയൻ.<br>(അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ ചാർജ്ജ്) | 01.04.2016 മുതൽ<br>07.07.2016 വരെ |
| | | 16.08.2016 മുതൽ<br>17.12.2016 വരെ |
| | | 07.03.2017 മുതൽ<br>31.03.2017 വരെ |
| | ശ്രീ.പി.എസ്.അബ്ദുൾ റസാക്ക് | 08.07.2016 മുതൽ<br>15.08.2016 വരെ |
| | | 18.12.2016 മുതൽ<br>29.12.2016 വരെ |
| | ശ്രീമതി.ഒ.പി.പത്മാവതി | 30.12.2016മുതൽ<br>07.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.വിവേൻസി.എ.ജെ | 01-04-2016 മുതൽ<br>27-07-2016 വരെ |
| | ശ്രീമതി.അനിത.എം.കെ. | 28-07-2016മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രാജീവ്.ഇ.ഡി. | 01-04-2016 മുതൽ<br>31-08-2016 വരെ |
| | ശ്രീ.പ്രതീഷ് കുമാർ.വി.കെ | 01-09-2016 മുതൽ<br>31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അഞ്ജലി വിജയൻ. | 01-04-2016 മുതൽ<br>31-03-2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ആയൂർവ്വേദം | ഡോ.പ്രീതി.എം.പി. | 01-04-2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സുഹാന.എ.ഐ. | 01-04-2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഹരീഷ്.പി.എസ്. | 01-04-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ. | ശ്രീ.ലിന്റോ.ഇ.വി. | 01-04-2016 മുതൽ 31-03-2017 വരെ |
| എൽ.വി.ഇ.ഒ. | ശ്രീമതി.ശ്രീദേവി.എസ്.കെ. | 01-04-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഉഷ.കെ.എസ്. | 01-04-2016 മുതൽ 31-03-2017 വരെ |
| ഹെഡ്മിസ്ട്രസ്സ് -ജി.എൽ.പി.എസ്. | ശ്രീമതി.ടി.കെ.ശാന്ത. | 01-04-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എം.ജയൻ. | 01-04-2016 മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.പ്രശാന്ത്.ഇ.എം | 01-04-2016 മുതൽ 02-07-2016 വരെ |
| | ഒഴിവ് | 03-07-2016 മുതൽ 11-08-2016 വരെ |
| | ശ്രീമതി. ജിഷ.കെ.ജി. | 12-08-2016 മുതൽ 31-03-2017 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.സുജദേവൻ.വി. | 01-04-2016 മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | നഞ്ച വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമിയിൽ നിർമ്മിച്ച വീടിന് വീട്ടുനമ്പർ നൽകി | 2-1 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പരിച്ചെടുക്കുന്നതിൽ വീഴ്ച | 2-2 |
| 14 | വാടക പിരിവ് -അപാകതകൾ | 2-3 |
| 15 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില 70200/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല | 2-4 |
| 16 | കോൺട്രാക്ടറിൽനിന്നും ഫൈൻ ഈടാക്കിയത്- പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല | 2-5 |
| ഭാഗം 3 | | |
| 17 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-1 |
| 18 | ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് കാലതാമസം | 3-2 |
| 19 | ലോഗ് ബുക്ക് പരിപാലനം അപാകതകൾ | 3-3 |
| 20 | ബിറ്റുമിൻ വാങ്ങിയതിൽ 65911/- രൂപ തിരികെ ലഭിക്കാനുണ്ട് | 3-4 |
| 21 | മെയിന്റനൻസ് ഫണ്ട് വകമാറ്റി ചെലവഴിച്ചു | 3-5 |
| 22 | റോഡ് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക നിരക്ക് അനുവദിച്ചു | 3-6 |
| 23 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - 12-13 വർഷത്തിൽ തുടങ്ങിയ പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിച്ചില്ല | 3-7 |
| 24 | ആസ്തികൾ സംരക്ഷിക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നില്ല | 3-8 |

| | | |
|---|---|---|
| 25 | സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച 2603117/- രൂപ ചെലവഴിച്ചില്ല | 3-9 |
| 26 | ഭവന നിർമ്മാണം ജനറൽ - 100 വീട് പദ്ധതി - 2016-17 വർഷത്തിൽ 5897621/- രൂപ തിരിച്ചടവാക്കി | 3-10 |
| 27 | തുക പൂർണ്ണമായും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-11 |
| 28 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി-നെൽവിത്ത് വിതരണ രേഖകൾ,കൈപ്പറ്റ് രസീതി എന്നിവ ലഭ്യമാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 29 | അംഗനവാടികളുടെ ഭൗതിക സാഹചര്യം | 3-13 |
| ഭാഗം 4 | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം | 4-9 |
| 40 | അനുബന്ധം-ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 03-03-2016 തീയതിയിലെ 71/2016 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 22-07-2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-2017 | 19/09/17 |

അപാകതകൾ

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് (തൻവർഷം, കുടിശ്ശിക)എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിരിക്കുന്ന ഡി.സി.ബിയും വാർഷിക കണക്ക് പ്രകാരമുള്ള ഡി.സി.ബിയും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് | 2017-18വർഷത്തേയ്ക്ക് കളക്ട് ചെയ്ത തുക | ബാലൻസ് |
|---|---|---|---|---|---|
| സാംഖ്യ പ്രകാരം | 2745076 | 2808188(ഡിമാന്റിനേക്കാൾ 63112രൂപ അധികം കളക്ട് ചെയ്തിരിക്കുന്നു) | - | 109536 | ഇല്ല |
| സഞ്ചയ പ്രകാരം | 2745076 | 2737128 | 97335 | 86739 | 5557 |

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സാംഖ്യ പ്രകാരം | 17822 (2015-16ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം) | 17822 | ഇല്ല |
| സഞ്ചയ പ്രകാരം | 69715 | 57146 | 23372 (12569 രൂപയാണ് വരേണ്ടത്) |

2)വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ (പ്രോജക്ട് നം.33/17) എന്ന പദ്ധതിയ്ക്കുവേണ്ടി കെ.എസ്.ഇ.ബി,വെങ്കിടങ്ങ് ഇലക്ട്രിക്കൽ സെക്ഷന് ബിൽ നം.29/31.3.17 പ്രകാരം കൈമാറിയ 196920/-രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 Loans,advances,&deposits എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.
3)നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റിച്ചർ പത്രിക, രസീറ്റ്&പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,58,93,016.23 |
| വരവ് | 48986983 |
| ആകെ | 6,48,79,999.23 |
| ചെലവ് | 4,68,95,602 |
| നീക്കിയിരിപ്പ് | 1,79,84,397.23 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12993372 | 10484719 | 2508653 | 80.69 |
| വികസനഫണ്ട് എസ്.സി.പി. | 9977025 | 6381939 | 3595086 | 64 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 6155634 | 29,43,405 | 3212229 | 47.81 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3686775 | 16,24,409 | 2062366 | 44 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6250231 | 6,07,455 | 5642776 | 9.71 |
| പെർഫോമൻസ് ഗ്രാന്റ് | 40,46,183 | 19,09,498 | 2136685 | 47.19 |
| എം.എൻ.ആർ.ഇ.ജി.എസ്. | 18343174 | 18343174 | 0 | 100 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 7,04,88,716 | 60 | 2,97,97,919 | 65 | 14 | 43.16 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം27.86ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 27,48,915 | 38,28,550 | (+)10,79,635 | (+)39.27 |
| നികുതിയേതര വരവുകൾ | 9,71,521 | 9,42,175 | (-)29,346 | (-)3.02 |
| മറ്റുവരവുകൾ | 10,62,230 | 1,22,000 | (+)15,770 | (+)1.48 |
| ആകെ | 38,26,666 | 48,92,725 | (+)10,66,059 | (+)27.86 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 163440 | 94 |
| കർഷകതൊഴിലാളി പെൻഷൻ | 4457840 | 509 |
| വിധവാപെൻഷൻ | 9819830 | 945 |
| വാർദ്ധക്യകാലപെൻഷൻ | 16294345 | 1556 |
| വികലാംഗപെൻഷൻ | 2291385 | 280 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിത പെൻഷൻ | 848560 | 89 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 240000 | 8 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-09-2017 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9712 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.രജിസ്റ്ററുകൾ ഒരുപരിധിവരെ കൃത്യമായി സൂക്ഷിക്കുകയും രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അപാകതൾ തുടർന്നുള്ള ഭാഗങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കാര്യങ്ങളിൽ ഗ്രാമ പഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്.

1)പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജീസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

2) പഞ്ചായത്തിനുകീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം കാണിയ്ക്കുന്ന രജിസ്റ്റർ, തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായുള്ള സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി പരിപാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-09-2017 | ആഗസ്റ്റ്-2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-12-2007 മുതൽ 27-12-2007 വരെ | 1997-98 മുതൽ 2006-07 വരെ | 07-02-2008 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഞ്ച വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമിയിൽ നിർമ്മിച്ച വീടിന് വീട്ടുനമ്പർ നൽകി

ശ്രീ.മെഹബൂബ്, S/o.N.E.ഷാഹുൽ ഹമീദ്, നാലകത്ത് വീട്, 273, വെങ്കിടങ്ങ്, തൃശ്ശൂർ എന്നവർ ചാവക്കാട് താലൂക്ക്, വെങ്കിടങ്ങ് വില്ലേജ് ,റീ-സർവ്വേ നമ്പർ:18/10ലുള്ള 0.0081 ഹെക്ടർ,റീ-സർവ്വേ നമ്പർ:40/10ലുള്ള 0.0536 ഹെക്ടർ എന്നീ ഭൂമികളിൽ ഉൾപ്പെട്ടിടത്ത് 269.88 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിച്ചിട്ടുള്ളതും ആയതിന് IV/277A നമ്പർ വീട്ടുനമ്പർ നല്കിയിട്ടുള്ളതും,₹1485/- വീട്ടുനികുതി നിശ്ചയിച്ചിട്ടുള്ളതുമാണ് (ഫയൽ നമ്പർ:C3-3372 തിയ്യതി:19-04-2016, ന്യൂ ബിൽഡിംങ്ങ് രജിസ്റ്റർ ക്രമനമ്പർ:72/2016-17). മേൽ പറഞ്ഞ, ചാവക്കാട് താലൂക്ക്, വെങ്കിടങ്ങ് വില്ലേജ്, റീ-സർവ്വേ നമ്പർ: 40/10ലുള്ള 0.0536 ഹെക്ടർ ഭൂമി,നഞ്ച വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമിയാണെന്ന് വെങ്കിടങ്ങ് വില്ലേജ് ഓഫീസറുടെ 11-04-2016ലെ 17457484 നമ്പർ കൈവശാവകാശ സാക്ഷ്യപ്പത്രത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ നഞ്ച വിഭാഗത്തിൽ ഉൾപ്പെട്ട ഈ ഭൂമി നികത്തി വീടു വെയ്ക്കുന്നതിന് അനുമതി നല്കികൊണ്ടുള്ള രേഖകൾ യാതൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്. അനുമതിയില്ലാതെ നഞ്ച വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമിയിൽ വീടുനിർമ്മിച്ചതിന് വീട്ടുനമ്പർ നല്കിയിത് എന്തടിസ്ഥാനത്തിലാണെന്ന് ആരാഞ്ഞുകൊണ്ടുള്ള 03-10-2017 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടിനല്കിയിട്ടില്ലാത്തതാണ്. നിലവിലെ നിയമങ്ങളും, സർക്കാർ നിർദ്ദേശങ്ങളും, മറികടന്ന് വീട്ടുനമ്പർ നല്കിയതിനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 2-2 സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പരിച്ചെടുക്കുന്നതിൽ വീഴ്ച

2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, 2015-16 വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും പിരിവുവരുത്തിയിട്ടില്ലാത്തതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേരു വിവരം | 2016-17-ൽ തൊഴിൽ നികുതി വീഴ്ചവരുത്തിയ കാലയളവ് |
|---|---|---|
| 1 | എവർ ലാസ്റ്റിംഗ് കുറീസ് പ്രൈ.ലി. | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | Pavo Traders Pvt. Ltd. | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻ കോർപ്പ് ലി. കരുവൻതല | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | മൈത്രി ട്രൈഡേഴ്സ് | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | ഡോ.അബ്ദുള്ള | തൊഴിൽ നികുതിഒന്നും,രണ്ടും അർദ്ധവർഷം |
| 6 | ഡോ.ഗബ്രിയേൽ | തൊഴിൽ നികുതിഒന്നും,രണ്ടും അർദ്ധവർഷം |
| 7 | ഡോ.കെ.ജി.ബാലു. | തൊഴിൽ നികുതിഒന്നും,രണ്ടും അർദ്ധവർഷം |
| 8 | കൊശമറ്റം ഫിനാൻസ് | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 9 | വെങ്കിടങ്ങ് ക്ഷീര സഹ. സംഘം | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 10 | ഗ്രാമപഞ്ചായത്ത് മേഖലയിലെ കള്ള് | സ്ഥാപന തൊഴിൽ നികുതിയും |

| | | |
|---|---|---|
| | ഷാപ്പുകൾ | ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 11 | ഗ്രാമപഞ്ചായത്ത് മേഖലയിലെ റേഷൻ കടകൾ | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 12 | മാനേജർ കനറാബാങ്ക് | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,രണ്ടാം അർദ്ധവർഷം |
| 13 | മാനേജർ വെങ്കിടങ്ങ് വികസന ബാങ്ക് | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 14 | പോസ്റ്റ് മാസ്റ്റർ ഏനാമാക്കൽ പോസ്റ്റോഫീസ് | ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷം |
| 15 | ഡോ.ഇ.വി.അബ്ബാസ്. | തൊഴിൽ നികുതി രണ്ടാം അർദ്ധവർഷം |
| 16 | മാനേജർ മലബാർ എന്റർപ്രൈസസ് | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 17 | സ്റ്റാൻലി ഡെന്റൽ | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 18 | അനീസ് ടൂർസ് & ട്രാവൽസ് | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |
| 19 | കാഞ്ഞാണി ഗോൾഡ്സ് | സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും,ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ പറഞ്ഞ തൊഴിൽ നികുതി വാർഷിക കണക്കിൽ കുടിശികയായി ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. പഞ്ചായത്ത് ഫണ്ടിനുണ്ടായ വരുമാന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും

ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച 03-10-2017ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്.

## 2-3 വാടക പിരിവ് -അപാകതകൾ

പഞ്ചായത്ത് ടാക്സി സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ എത്ര മുറികളുണ്ടെന്നും, എത്ര മുറികൾ ഒഴിഞ്ഞ് കിടക്കുന്നവെന്നും വാടക രജിസ്റ്ററിൽനിന്നും മനസ്സിലാക്കാനാകുന്നില്ല. നേരിട്ടുള്ള പരിശോധനയിൽ നാലിലധികം മുറികൾ ഒഴിഞ്ഞ് കിടക്കുന്നതായി കാണപ്പെട്ടു. കൂടാതെ വില്ലേജ് ഹട്ട് എന്ന പേരിലുള്ള കെട്ടിടത്തിൽ ആറ് മുറികൾ ഒഴിഞ്ഞ് കിടക്കുന്നതായും കാണപ്പെട്ടു. എന്നാൽ ഈ കെട്ടിടം സംബന്ധിച്ച യാതൊരു വിവരവും വാടക രജിസ്റ്ററിൽ ഇല്ല. മാത്രമല്ല, ഷോപ്പിംഗ് കോംപ്ലക്സിനുമുകളിൽ KSEB ക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുവെങ്കിലും വാടകക്ക് നല്കിയിട്ടില്ല. കൂടാതെ, പഞ്ചായത്ത് ഓഫീസിനു സമീപമുള്ള വനിതാ കാന്റീൻ വാടകക്ക് നല്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക ഡിസിബി പത്രിക പ്രകാരം 31/3/17 ൽ 49482/- രൂപ ( മുൻ വർഷ കുടിശ്ശിക – Rs. 15750/-, തൻവർഷ കുടിശ്ശിക -Rs.33732/-) കുടിശ്ശികയുണ്ട്. കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വാടക സംബന്ധിച്ച കരട് ബൈലോ എത്രയും വേഗം പഞ്ചായത്ത് ഡയറക്ടറുടെ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില 70200/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ 10 പ്രവൃത്തികളിൽനിന്നും, 2016-17 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ 9 പ്രവൃത്തികളിൽനിന്നും ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 70200/- രൂപ (2015-16 Rs.26300/-, 2016-17 Rs.43900/-) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്ന് ഇനിയും ലഭ്യമായിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 കോൺട്രാക്ടറിൽനിന്നും ഫൈൻ ഈടാക്കിയത്- പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

30/10/2007 ലെ സർക്കുലർ നം. 59827/FM/07/തസ്വഭവ പ്രകാരം വിവിധ ഫണ്ടുകളുപയോഗിച്ച് നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽനിന്നും ഫൈൻ ഇനത്തിൽ ഈടാക്കുന്നത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ 2016-17 വർഷത്തിൽ നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈൻ ഇനത്തിൽ കരാറുകാരന്റെ ബിൽ തുകയിൽനിന്നും കുറവ് വരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല. പകരം ഫൈൻ കുറവ് വരുത്തി ബാക്കി തുകയ്ക്കാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ചത്.

1)പ്രോജക്ട് നം.27/17-വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ-Rs.2000/-

2) പ്രോജക്ട് നം.29/17-വിവിധ പുളിക്കെട്ടുകളുടെ നിർമ്മാണം - Rs.1500/-

പിഴയായി ഈടാക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -വിനിയോഗസാക്ഷ്യപ്പത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപ്പത്രം, കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1)പ്രോജക്ട് നം : 44/2017

ട്രഷറി ബിൽ നം : 20/28-02-2017

തുക : ₹25,043/-

നിർവ്വഹണ ഏജൻസി : IKM തിരുവനന്തപുരം

പ്രസ്തുത പ്രോജക്ടിന്റെ വിനിയോഗസാക്ഷ്യപ്പത്രം, കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)പ്രോജക്ട് നം : 136/2017

ട്രഷറി ബിൽ നം : 22/28-02-2017

തുക : ₹75,000/-

നിർവ്വഹണ ഏജൻസി : ജില്ലാ പഞ്ചായത്ത്

പ്രസ്തുത പ്രോജക്ടിന്റെ വിനിയോഗസാക്ഷ്യപ്പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 75000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിന് കാലതാമസം

ഹെഡ്മിസ്ട്രസ് ജി.എം.യു.പി.എസ് പാട്ടൂർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ 475000രൂപ അടങ്കലും 273790 രൂപ ചെലവ് വന്നിട്ടുള്ളതുമായ പ്രോജക്ട് നമ്പർ S0062/12 "പ്രൊഫഷണൽ, പോളിടെക്നിക്ക്, പോസ്റ്റ്ഗ്രാജുവേറ്റ് എസ്.സി കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണം പദ്ധതി പ്രകാരം 30.12.16 ലെ തീരുമാനം നമ്പർ335/16(1)-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 43 പേരിൽ നിന്ന് തെരഞ്ഞെടുത്ത യോഗ്യരായ 11 പേർക്ക് നെസ്റ്റ്സിസ്റ്റംസ് &സൊല്യൂഷൻസ് തൃശ്ശൂർ നിന്ന് 29/3/17 തിയ്യതിയിലെ ഇൻവോയ്സ് 273 പ്രകാരം അസൂസ് ലാപ് ടോപ്പ് ഒന്നിന് 23704.76 രൂപ വീതം (നികുതി ഉൾപ്പെടെ 24890രൂപ) പതിനൊന്ന് ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ/വിതരണ രജിസ്റ്റർ മുതലായവ പരിശോധിച്ചതിൽ ഒൻപത് കുട്ടികൾ മാത്രമേ കൈപ്പറ്റി കാണുന്നുള്ളൂ. ശേഷിച്ച രണ്ടെണ്ണം വിതരണം ചെയ്യാതെയിരിക്കുന്നതായി കാണപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/26.9.17) ലഭ്യമാക്കിയ മറുപടി

പ്രകാരം ശേഷിക്കുന്ന രണ്ടെണ്ണം സമയത്തിന് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്നും ആയത് എത്രയും വേഗം വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണത്തിന് താമസം നേരിടുന്നത് മൂലം നിയമപരമായി ലഭ്യമാക്കേണ്ട വാറൻറ്റി കാലാഹരണപ്പെടുന്നതിനും ബാറ്ററി മുതലായ ഇലക്ട്രോണിക്ക് ഭാഗങ്ങൾ കേടുവരുന്നതിനുമുള്ള സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ശേഷിക്കുന്ന ലാപ് ടോപ്പുകൾ എത്രയും വേഗത്തിൽ വിതരണം ചെയ്യേണ്ടതാണ്.

## 3-3 ലോഗ് ബുക്ക് പരിപാലനം- അപാകതകൾ

പഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങളായ കെ.എൽ.46 എഫ് 6960 മഹീന്ദ്ര സൈലോ ജീപ്പ് ,കെ.എൽ 08 എ.ഇ 1352 ട്രാക്ടർ എന്നിവയുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1.വാഹനം ഓടിയ ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവയുടെ വിവരങ്ങൾ ഉൾപ്പെടുന്ന പ്രതിമാസസംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

2. വാഹനത്തിൽ ഫുൾടാങ്ക് കപ്പാസിറ്റിയിൽ ഇന്ധനം നിറക്കുന്നില്ല.

3.ഇന്ധനം നിറക്കുന്നത് സാഷ്യപ്പെടുത്തുന്നില്ല.

മേൽ പറഞ്ഞവയുടെ അഭാവത്തിൽ ഇന്ധനക്ഷമതാ സാഷ്യപത്രം പ്രകാരമുള്ള വാഹനത്തിന്റെ ചെലവ് രേഖകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 3-4 ബിറ്റുമിൻ വാങ്ങിയതിൽ 65911/- രൂപ തിരികെ ലഭിക്കാനുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

2016-17 വർഷത്തെ റോഡ് പ്രവൃത്തികൾക്കായി ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങുന്നതിനായി 13 പ്രവൃത്തികളിൽനിന്നും 1209206/- പിൻവലിച്ച് BPCL, HINDCOL എന്നിവക്ക് നല്കിയതിൽ 1143295/- രൂപയുടെ ബിറ്റുമിൻ, എമൽഷൻ എന്നിവ മാത്രമാണ് നാളിതുവരെയായി ലഭ്യമായത്. ബാക്കി തുകയായ 65911/- രൂപ തിരികെ ലഭിക്കുന്നതിനോ, തുടർ വർഷങ്ങളിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മെയിന്റനൻസ് ഫണ്ട് വകമാറ്റി ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രോജക്ട് നം. 112/17-വിവിധ പുളിക്കെട്ടുകളുടെ നിർമ്മാണം

മേൽ പ്രവൃത്തിക്കായി 2015-16 വർഷത്തിൽ മെയിന്റനൻസ് (നോൺ റോഡ്) ഫണ്ട് 113968/- രൂപ വകയിരുത്തുകയും, 2015-16 വർഷത്തിൽ 94886/- രൂപയും, 2016-17 വർഷത്തിൽ 17581/- രൂപയും ചെലവഴിക്കുകയും ചെയ്തു. എന്നാൽ ഇത്തരം പ്രവൃത്തികൾക്ക് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതല്ല. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 റോഡ് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക നിരക്ക് അനുവദിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് 10% നിരക്കിൽ കരാറുകാരന്റെ ലാഭവും 5% നിരക്കിൽ ഓവർഹെഡ് ചാർജ്ജുമാണ് അനുവദിക്കാവുന്നത്. എന്നാൽ PRICE Software ഉപയോഗിച്ച് തയ്യാറാക്കിയ 2016-17 വർഷത്തെ റോഡ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ച് നല്കിയിട്ടുണ്ട്. അതേസമയം DSR പ്രകാരം തയ്യാറാക്കുന്ന ഡാറ്റയിൽ ഓവർഹെഡ് ചാർജ്ജായി ഇപ്പോഴും 5% തന്നെയാണ് അനുവദിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11/5/17 ലെ സർക്കുലർ നം.ഡിബി3/6512(ബി)/13/സിഇ/തസ്വഭവ പ്രകാരം നിലവിൽ റോഡ് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജായി യഥാക്രമം 10%,15%,20% ആണ് അനുവദിക്കുന്നത് എന്നും, എന്നാൽ benificiary committee പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജായി 7.5% ആണ് അനുവദിക്കാവുന്നത് എന്നും പറയുന്നു. എന്നാൽ ഓവർഹെഡ് ചാർജ്ജായി 10% അനുവദിക്കാമെന്ന സർക്കാർ ഉത്തരവുകളൊന്നും തന്നെ ഉള്ളതായി കാണുന്നില്ല. ഇത്തരത്തിലുള്ള ഉത്തരവുകൾ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതും ഇല്ലാത്തപക്ഷം സർക്കാരിൽനിന്നും ഇക്കാര്യത്തിൽ സ്പഷ്ടീകരണം വാങ്ങേണ്ടതുമാണ്.

## 3-7 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - 12-13 വർഷത്തിൽ തുടങ്ങിയ പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

TSB Cheque No.7453598/28-2-17 Rs.469740/-

നിർവ്വഹണ ഏജൻസി - കോസ്റ്റ് ഫോർഡ്

എസ്റ്റിമേറ്റ് തുക – Rs.3565000/-

എഗ്രിമെന്റ് - നം.930/15-3-13

2012-13 വർഷത്തിൽ തുടങ്ങിയ മേൽ പദ്ധതിക്കായി നാളിതുവരെയായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ചെലവ് തുക | കോസ്റ്റ്ഫോർഡിന് നല്കിയത് |
|---|---|---|
| 2012-13 | 713000 | 710000 |
| 2013-14 | 475000 | 451250 |
| 2014-15 | 774931 | 728203 |
| 2015-16 | 720680 | 672634 |
| 2016-17 | 505097 | 469740 |

| | | |
|---|---|---|
| ആകെ | 3188708 | 3031827 |

നേരിട്ട് സൈറ്റ് പരിശോധിച്ചതിൽ പുകക്കുഴൽ സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് ഇനി പൂർത്തീകരിക്കാനുള്ളത് എന്ന് ബോധ്യപ്പെട്ടു. ഒരു വർഷത്തിലധികമായി കോസ്റ്റ് ഫോർഡ് നിർമ്മാണപ്രവൃത്തികളൊന്നും നടത്തിയിട്ടില്ല. കരാറിൽ പൂർത്തീകരണകാലാവധി 12 മാസം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ വർഷങ്ങളായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തത് കരാർ ലംഘനമാണ്. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ജനങ്ങൾക്ക് വളരെ അത്യാവശ്യമായതും, 32 ലക്ഷത്തോളം രൂപ ചെലവഴിക്കുകയും ചെയ്ത മേൽ പദ്ധതി മുടങ്ങിപ്പോകുന്ന അവസ്ഥ ഒഴിവാക്കാണ്ടേതുമാണ്.

## 3-8 ആസ്തികൾ സംരക്ഷിക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നില്ല.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഭൌതിക പരിശോധനയിൽ പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച പല ആസ്തികളും വേണ്ടവിധം സംരക്ഷിക്കാതെ ഉപയോഗശൂന്യമായതായി കാണപ്പെട്ടു.

20/8/15 ൽ ബഹുമാനപ്പെട്ട മണലൂർ എംഎൽഎ ഉദ്ഘാടനം ചെയ്തതും, മത്സ്യ ഗ്രാമം പദ്ധതിയിൻകീഴിൽ നിർമ്മിച്ചതുമായ പഞ്ചായത്ത് ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നില്ല. ഇതിന്റെ വാതിൽ ദ്രവിച്ച് നാശോന്മുഖമായതായും കാണപ്പെട്ടു. കെട്ടിടവും അതിലുള്ള പുസ്തകങ്ങളും ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്നു. ഒരു പാർട്ട് ടൈം ലൈബ്രേറിയനെ നിയമിക്കാനുള്ള അനുമതി സർക്കാരിൽനിന്നും ലഭ്യമാകാത്തതിനാലാണ് ലൈബ്രറി പ്രവർത്തിക്കാത്തതിന് കാരണമായി പഞ്ചായത്ത് അധികൃതർ പറയുന്നത്. ലക്ഷങ്ങൾ ചെലവിട്ട് മുൻ വർഷങ്ങളിൽ നിർമ്മിച്ച ഖരമാലിന്യ സംസ്കരണപ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ വർഷങ്ങളായി പ്രവർത്തിക്കുന്നില്ല.

ലൈബ്രറി നിലനില്ക്കുന്ന ഭൂമി, മുനമ്പ് കോളനിയിലുള്ള 72 സെന്റ് ഭൂമി എന്നിവ കാടു പിടിച്ച് കിടക്കുന്നതായി കാണപ്പെട്ടു. ഇവ എത്രയും വേഗം അളന്ന് തിട്ടപ്പെടുത്തി അതിർത്തി കെട്ടി സംരക്ഷിക്കേണ്ടതാണ്.

## 3-9 സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിച്ച 2603117/- രൂപ ചെലവഴിച്ചില്ല.

വാണീവിലാസം കുടിവെള്ള പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭിച്ച 8 ലക്ഷം രൂപയും, ഖരമാലിന്യ സംസ്കരണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നായി ലഭിച്ച 1803117/- രൂപയും പഞ്ചായത്തിന് ഇനിയും ചെലവഴിക്കാനായില്ല. മേൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-10 ഭവന നിർമ്മാണം ജനറൽ - 100 വീട് പദ്ധതി - 2016-17 വർഷത്തിൽ 5897621/- രൂപ തിരിച്ചടവാക്കി.

2015-16 വർഷത്തിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് ആരംഭിച്ചത് 2016-17 വർഷത്തിലാണ്. 11/3/13 ലെ സഉ(എംഎസ്)നം.83/13/തസ്വഭവ പ്രകാരം ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ വായ്പാ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസന ഫണ്ടിന്റെ 15% ൽ കവിയാൻ

പാടില്ലാത്തതാണ്. 2016-17 വർഷത്തിൽ പ്ലാൻ ഫണ്ടിൽനിന്നും 3897621/- രൂപ മുതലിലേക്കും, തനതുഫണ്ടിൽനിന്നും 2000000/- രൂപ പലിശയിലേക്കും അടവാക്കുകയുണ്ടായി. തിരിച്ചടവാക്കിയ മൊത്തം തുക തൻവർഷം ലഭിച്ച പ്ലാൻ ഫണ്ടിന്റെ ( എസ്.സി.പി,ടി എസ്.പി ഫണ്ടുകൾ ഒഴിവാക്കി) 15% ലധികം വരുന്നു. മാത്രമല്ല, ഇത്രയും തുക സേവന മേഖലയിൽ ചെലവഴിക്കേണ്ടി വന്നപ്പോൾ മറ്റ് മേഖലകൾക്ക് കാര്യമായി ഒന്നും ചെയ്യാനായില്ല. ഇത്തരം അവസ്ഥ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-11 തുക പൂർണ്ണമായും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് - ഭവന നിർമ്മാണം (നൂറ് വീട് പദ്ധതി)-സ്പിൽ ഓവർ

പ്രോജക്ട് നമ്പർ - 32/17

നിർവ്വഹണം - വി.ഇ.ഒ ,വെങ്കിടങ്ങ് സർക്കിൾ

മേൽ പദ്ധതിയുടെ ഭാഗമായി 2015-16 വർഷം കരാർവച്ച് ഭവന നിർമ്മാണം ആരംഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്,മേൽവിലാസം | നാളിതുവരെ നല്കിയ തുക |
|---|---|---|
| 1 | താര,w/oസുധീർബാബു,കറുത്താണ്ടൻ , തൊയക്കാവ്, വാർഡ് 17 | 180000 |
| 2 | നസീമ,w/oനൗഷാദ് ,മമ്മസ്രായില്ലത്ത്,പാടൂർ പി.ഒ | 180000 |
| 3 | വത്സല,w/oധർമ്മൻ,പൂവ്വശ്ശേരി,തൊയക്കാവ് പി.ഒ | 180000 |
| 4 | ഷീബ,w/oഅശോകൻ,കല്ലുങ്ങൽ,തൊയക്കാവ് പി.ഒ | 80000 |
| 5 | ശിവാനി,w/oചിന്നൻ,കൊണവിൻ കാട്ടിൽ, ഏനമാക്കൽ പി.ഒ | 180000 |
| 6 | ബീന,w/oലോറൻസ്,നെയ്യൻ,ഏനമാക്കൽ | 180000 |
| 7 | സൈനബ,w/o മുസ്തഫ,തെരുവത്ത്,വെങ്കിടങ്ങ് പി.ഒ | 180000 |

ഭവന നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നല്കിയ തുക പലിശ സഹിതം ഈടാക്കുന്നിതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-12 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി- നെൽവിത്ത് വിതരണ രേഖകൾ,കൈപ്പറ്റ് രസീതി എന്നിവ

## ലഭ്യമാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

| പ്രോജക്ട് നമ്പർ/പ്രോജക്ട് | ബിൽ നമ്പർ/തീയ്യതി | തുക | തുക നല്കിയതിന്റെ വിശദാംശം | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 73/17 തെങ്ങ്കൃഷി വികസനം | VkG6/16-17 /27.3.17 | 140000/- | 50000/-(കേട് വന്ന 100 തെങ്ങ് മുറിച്ച് മാറ്റിയതിന് 21പേർക്ക് 500 രൂപ വീതം ടി ബില്ലിൽ നിന്നും നെഫ്റ്റ് വഴി നല്കി) | തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ വരവ് വച്ചതിന്റെ രേഖകൾ |
| | VkG7/16-17 /29.3.17 | 186425/- | 125000/-(കേട് വന്ന250 തെങ്ങ് മുറിച്ച് മാറ്റിയതിന് 62പേർക്ക് 500രൂപ വീതം ടി ബില്ലിൽ നിന്നും നെഫ്റ്റ് വഴി നല്കി) | |
| | VkG10/16-17 /30.3.17 | 2500/- | (കേട് വന്ന5 തെങ്ങ് മുറിച്ച് മാറ്റിയതിന് സിദ്ധാർത്ഥൻ എം.എസ് എന്നയാൾക്ക് തെങ്ങൊന്നിന് 500രൂപ വീതം ടി ബില്ലിൽ നിന്നും നെഫ്റ്റ് വഴി നല്കി) | |
| 73/17 തെങ്ങ്കൃഷി വികസനം | VkG9/16-17 /30.3.17 | 19600/- | 350തെങ്ങിൻ തൈകൾ വിതരണം ചെയ്തതിന് സ്റ്റേറ്റ് സീഡ് ഫാം പാണഞ്ചേരിക്ക് നല്കിയതുക(ഇൻവോയിസ് നം.<br>47/2016-17,69/16-17) | തുക ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചതിന്റെ രേഖ |
| 116/17 എസ് .സി.കർഷകരെ നെൽകൃഷി പ്രോത്സാഹിപ്പിക്കൽ | 1)Vkg2/16-17 /25.2.17<br>2)Vkg5/16-17 /27.2.17, | 46248/-<br>28752/- | തുക കർഷകരുടെ ബാങ്ക് അക്കൌണ്ടിലേക്ക് NEFT വഴി നൽകി | തുക ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചതിന്റെ രേഖ |
| 103/17 പച്ചക്കറികൃഷിയ്ക്ക് വിത്ത് ,തൈകൾ, ജൈവകീടനാശിനി, കൂലിച്ചെലവ് | 1)Vkg8/16-17 /29.3.17 | 139499/- | 35 കുട്ടികൾക്ക് NEFT വഴി ബാങ്ക് അക്കൌണ്ടിലേക്ക് നൽകി | പ്രസ്തുത ബില്ലിൽ നിന്നും കൂലി<br>ചെലവിനത്തിൽ കർഷകർക്ക് നല്കിയ 50000/-രൂപ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ വരവ് വച്ചതിന്റെ രേഖ |

കൈപ്പറ്റ് രേഖയുടെ അഭാവത്തിൽ മേൽ ബിൽ പ്രകാരം ചെലവഴിച്ച 322100/-(50000+125000+2500+19600+46248+28752+50000) രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ബി)നെൽകൃഷി വികസനം എന്ന പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നെൽവിത്ത് വിതരണം

ചെയ്യുന്നതിനായി വിവിധ പാടശേഖര സമിതികൾക്ക് നല്കിയ വിത്തിന്റെയും, അവയുടെ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റിന് ലഭ്യമാക്കാതിരുന്ന രേഖകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 115/17 |
| പ്രോജക്റ്റ് | നെൽകൃഷി വികസനം |
| ബിൽ നമ്പർ | vkg1/16-17/28.1.17 |
| തുക | 952000/- |

| ക്രമ നം. | പാടശേഖര സമിതി | ഓഡിറ്റിന് നല്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം പാടശേഖര സമിതികൾക്ക് വിതരണം ചെയ്ത നെൽവിത്ത് | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | ഏലമുത | 9920 | പാടശേഖര സമിതി നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ |
| 2 | കിഴക്കേ കരീപ്പാടം | 8640 | പാടശേഖര സമതി നെൽവിത്ത്കൈപ്പറ്റിയതിന്റെയും, കർഷകർക്ക് വിതരണം നടത്തിയതിന്റെയും രേഖകൾ |
| 3 | തണ്ണീർക്കായൽ | 5050 | പാടശേഖര സമതി 3000കിലോ നെൽ വിത്ത് കൈപ്പറ്റിയതിന്റെ രസീതേ നല്കിയിട്ടുള്ളൂ |
| 5 | തെക്കേകോഞ്ചിറ | 2580 | 5190കിലോ യുടെ കൈപ്പറ്റ് രസീതി നല്കിയിട്ടുണ്ട്,2580 കിലോ വിതരണം നടത്തിയതിന്റെ രേഖകളേ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ. |
| 6 | പുള്ളിപ്പാൻണ്ടി | 500 | പാടശേഖര സമതി നെൽവിത്ത്കൈപ്പറ്റിയതിന്റെയും, കർഷകർക്ക് വിതരണം നടത്തിയതിന്റെയും രേഖകൾ |
| | ആകെ | 26690 | |

മേൽ രേഖകളുടെ അഭാവത്തിൽ വിതരണം നടത്തിയ 26690 കിലോ നെൽവിത്തിന്റെ വിലയായ 453730/- (26690x17/kg) രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# 3-13 അംഗനവാടികളുടെ ഭൗതിക സാഹചര്യം

ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളുടെ എണ്ണം | 27 | |
| 2 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 21 | |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 3 | 3എണ്ണംവാടക ഇല്ലാതെയും പ്രവർത്തിക്കുന്നു. |
| 4 | അംഗനവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | 27 | |
| 5 | ശൗച്യാലയങ്ങളുള്ളത് | 26 | |
| 6 | ചുറ്റുമതിലുള്ളത് | 20 | |
| 7 | വൈദ്യുതീകരിച്ചത് | 27 | |
| 8 | വാട്ടർ കണക്ഷനുള്ളത് | 1 | |
| 9 | ധാന്യ സംഭരണിയുള്ളത് | 27 | |
| 10 | എൽ.പി.ജി. കൺക്ഷനുള്ളത് | 27 | |
| 11 | ബേബി ഫ്രണ്ടിലിയായത് | 7 | |
| 12 | 31-03-2017 തിയ്യതിയിൽ അംഗണവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുദിച്ച തുകയിൽ, ഗ്രാമ പഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | ₹ 5,47,853/- (ACR പ്രകാരം) | |

മേൽ വിശദാംശത്തിൽ നിന്നും മൂന്ന് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാ എന്നതാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത,അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനുള്ള സത്വര നടപടി പഞ്ചായത്ത് ഭരണാധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2012-13 | 4,00,000 | വാണിവിലാസം കുടിവെള്ള പദ്ധതി | 0 | 8,00,000 |
| | 2016-17 | 4,00,000 | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 16,03,117 | ഖരമാലിന്യ യൂണിറ്റ് | 0 | 16,03,117 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 39,000 | ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 38,928 | 72 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 44,425 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 0 | 44,425 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,00,000 | ഖരമാലിന്യ യൂണിറ്റ് | 0 | 2,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ഇലക്ട്രിക്കൽ സബ്ബ് സെക്ഷൻ,വെങ്കിടങ്ങ് | പ്രോജക്ട് നമ്പർ:33/17 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | ട്രഷറി ബില്ല് നമ്പർ: 29/16-17 തിയ്യതി: 31-03-17 | 1,96,920 | 0 | 1,96,920 (വിനിയോഗ സാക്ഷ്യപത്രം 26-09-2017ന് ലഭിച്ചു) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9,40,000 രൂപ വരവുണ്ട്. മുൻബാക്കി 1,79,40,000 രൂപയടക്കം 1,88,80,000 രൂപയിൽ 38,97,621 രൂപ തിരിച്ചടച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| നൂറ് വീട് ഭവന പദ്ധതി | സ.ഉ.നം. 37473/ഡിബി.1/ 2014/ത.സ്വ.ഭ.വ തിയ്യതി: 04-02-2010 | 1,88,80,000 | 1,79,40,000 | 38,97,621 | 20,00,000 | മുതൽ | 1,49,82,379 |
| | | | | | | പലിശ | 10,16,901 |
| | | | | | | ആകെ | 1,59,99,280* |

- *മുൻ ബാക്കി :1,79,40,000
- തൻ വർഷം എടുത്ത വായ്പ : 9,40,000
- 31-03-17 ലെ ആകെ വായ്പ : 1,88,80,000
- 2016-17 മുതൽ തിരിച്ചടവ് : 38,97,621
- 31-03-17 വായ്പ നീക്കിയിരിപ്പ് : 1,49,82,379
- 31-03-17 ലെ വായ്പ പലിശ ഡിമാന്റ് : 30,16,901

2016-17 പലിശ അടവാക്കിയത് : 20,00,000

31-03-17പലിശ നീക്കിയിരിപ്പ് : 10,16,901

31-03-2017ന് ആകെ തിരിച്ചടയ്ക്കുന്നതിനുള്ള തുക :1,49,82,379+10,16,901 = 1,59,99,280

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷവും ഖണ്ഡികയും | അടവാക്കിയ ആളുടെ പേര് വിവരം | അടവാക്കിയ തുക | രശീതി നമ്പരും, തിയ്യതിയും |
|---|---|---|---|
| 2015-16/ 2.3 | സതി, പള്ളിയിൽ മാരാത്ത് കായിൽ | 8940 | 11602104849, 11602104850 തിയ്യതി:30-03-17 |
| 2015-16 /2.5.3 | ശ്രേയസ് ചിറ്റ്സ് & ഫിനാൻസ് | 1250 | 11602100016 തിയ്യതി:30-03-17 |

| | | | |
|---|---|---|---|
| 2015-16 /2.5.3 | ന്യൂ ട്രിച്ചൂർ കുറീസ് | 1250 | 11602100886 തിയ്യതി:16-07-17 |
| 2015-16 /2.5.3 | ഔട്ട് റിച്ച് കെയറിംഗ് സെന്റർ | 1250 | 11602100629 തിയ്യതി:14-06--17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48986983 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,68,95,602 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 875873 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 25043 | ശ്രീമതി ഒ.പി. പത്മാവതി, സെക്രട്ടറി |
| 3-1(2) | 75000 | ശ്രീമതി ഒ.പി. പത്മാവതി, സെക്രട്ടറി |
| 3-12A | 3,22,100 | ശ്രീമതി.അനിത.എം.കെ., |
| 3-12B | 4,53,730 | കൃഷി ഓഫീസർ |
| ആകെ | 875873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ഇ3 (1)/ 6590/ 25.1.74 |
| 81-82 | എൽ.എഫ്.ടി.(എസ് 2) 1130/11/ 26.7.11/20.10.11 |
| 82-83 | |
| 83-84 | |
| 84-85 | |
| 85-86 | എൽ.എഫ്.ഇ(1)/1513/90/10.1.91 |
| 86-87 | എൽ.എഫ്.ഇ(1)/2433/ 91/4.2.92 |
| 87-88, 89-90,90-91 | എൽ.എഫ്.ഇ (1)/197/94/8.3.94 |
| 91-92 | എൽ.എഫ്.ഇ3(1)/ 1554/93/15.2.94 |
| 92-93 | എൽ.എഫ്.ടി.18- 1172/2000/19.9.2000 |
| 93-94 | എൽ.എഫ്.ടി.18-1111/ 2000/2.11.2000 |
| 94-95 | എൽ.എഫ്.ടി.18- 1167/2000/8.11.2000 |
| 95-96 | എൽ.എഫ്.ടി.18- 01/12/2000/8.11.2000 |
| 96-97 | എൽ.എഫ്.ടി.11- 548/98/2.11.98 |
| 97-98 | എൽ.എഫ്.ടി.15-8/2000/ 6.6.2000 |
| 98-99(വരവ്) | എൽ.എഫ്.ടി.15- 1443/02/ 27.9.02 |
| 98-99 ( ചെലവ്) | എൽ..എഫ്.ടി.18- 1/5.8.2001 |
| 99-00 | എൽ.എഫ്.ടി.18- 165/2002/27.9.2002 |
| 2000-01 | എൽ.എഫ്.ടി.18-500/04/ 30.9.04 |
| 01-02 | എൽ.എഫ്.ടി.18- 506/04/ 30.9.04 |
| 02-03 | എൽ.എഫ്.ടി.18-1744/04/ 2.11.04 |
| 03-04 | എൽ.എഫ്.ടി.18-1514/05/ 17.1.06 |
| 04-05 | എൽ.എഫ്.ടി.15-289/07/ 16.3.07 |

| | |
|---|---|
| 05-06 | എൽ.എഫ്.ടി.15- 2011/08/ 14.9..09 |
| 06-07 | എൽ.എഫ്.ടി.15-236/10/ 6.9.2010 |
| 07-08 | എൽ.എഫ്.ടി.15- 237/10/ 6.9.2010/14.2.11 |
| 08-09 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 09-10 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 10-11 | എൽ.എഫ്.ടി.പി.(1)- 2103/12/6.2.13 |
| 11-12 | എൽ.എഫ്.ടിപി(1)- 983/13/11.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി(5)- 1540/14/2.2.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി5)-732/15-21 /8/15/14.10.15 |
| 2014-15 | കെ.എസ്.ടി.എസ്.ആർ(പി5)1149/2016-16-7-2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.5)2129/2016-05.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി5)1522/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:29.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന്

വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P5)1522/2017

Office of the Joint Director of
Kerala State Audit Department,
District Audit Office,
Thrissur - 680 020
Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
Dated: 29.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Venkitangu Gramapanchayath in

Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Venkitangu Grama Panchayath for the year 2016-17, except the observations stated in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.